# K.M.Mani Memorial Govt. General Hospital, Pala
**Phone : 04822 215154**

**E-mail - suptpala@gmail.com**


നം.ബി2- 399/2026 ജി.എച്ച്.പി

കെ.എം.എം.എസ്.ജി.ജി.എച്ച് പാലാ,
തീയതി : 19/01/2026

## ലേലം /ടെണ്ടർ നോട്ടീസ്

കെ. എം. മാണി സ്മാരക ഗവ. ജനറൽ ആശുപത്രിയിലെ കാന്റീൻ & കഫറ്റീരിയ 01/04/2026-31/03/2027 സാമ്പത്തിക വർഷം വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷം പ്രവർത്തിക്കുന്നതിന് കാന്റീൻ നടത്തി ജി. എസ്. ടി. രജിസ്ട്രേഷനുള്ള പ്രവർത്തിപരിചയമുള്ള വരിൽനിന്നും മത്സരാടിസ്ഥാനത്തിലുള്ള മുദ്ര വച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| അടങ്കൽ തുക | 500000/- |
| ടെണ്ടർ ഫോമുകൾ വിൽക്കാൻ തുടങ്ങുന്ന തീയതി | 24/01/2026 രാവിലെ 10.30 മുതൽ |
| ടെണ്ടർ ഫോമുകൾ വിൽപ്പന അവസാനിക്കുന്ന തീയതി | 03/02/2026 ഉച്ചയ്ക്ക് 1 മണി വരെ |
| മുദ്ര വച്ച ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയതി | 05/02/2026 ഉച്ച കഴിഞ്ഞ് 04 മണി വരെ |
| മുദ്ര വച്ച ടെണ്ടറുകൾ തുറക്കുന്ന തീയതി 06/02/2026 | 1) ലേലം 2.30 ന്<br>2) 06/02/2026 03.30 pm |
| ടെണ്ടർ ഫോറത്തിന്റെ വില | അസൽ - 1000/- + 18% GST<br>GST (1000 + 180) |

നിരതദ്രവ്യം ടെണ്ടർ തുകയുടെ 1% (5000/- രൂപ) ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ ഡി. ഡി. ആയോ/ ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റായോ ഉള്ളടക്കം ചെയ്യേണ്ടതാണ്.

ടെണ്ടർ ഫോമിന്റെ വില ദർഘാസ് ഫാറം വ്യക്തമായി പൂരിപ്പിച്ച് വെട്ടിത്തിരുത്തലുകൾ ഇല്ലാതെ ഹാജരാക്കേണ്ടതാണ്.

ദർഘാസ് ഫാറം ഉൾക്കൊള്ളുന്ന കവറിന് മുകളിൽ "കാന്റീൻ & കഫറ്റീരിയ ടെണ്ടർ" കൂടെ ദർഘാസ് നമ്പറും തീയതിയും രേഖപ്പെടുത്തേണ്ടതാണ്. ടെണ്ടർ ഫോം സൂപ്രണ്ടിന്റെ പേരിൽ സമർപ്പിക്കേണ്ടതാണ്.

നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കാത്ത ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. യാതൊരു കാരണവും കൂടാതെ ഏതൊരു ദർഘാസും സ്വീകരിക്കുവാനും നിരസിക്കുവാനുമുള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.

ആദ്യം ലേല നടപടികൾ ആരംഭിക്കുന്നതും ശേഷം സമർപ്പിച്ച ദർഘാസ് തുറക്കുന്നതുമായിരിക്കും. കൂടുതൽ തുക രേഖപ്പെടുത്തിയ ആളുടെ പേരിൽ താത്ക്കാലികമായി ഉറപ്പിക്കുന്നതും, എച്ച്. എം. സി. കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി കരാർ ഉറപ്പിക്കുന്നതുമായിരിക്കും.

ടെണ്ടർ സംബന്ധിച്ച കുടുതൽ വിവരങ്ങൾക്ക് ഓഫീസ് പ്രവൃത്തി സമയങ്ങളിൽ നേരിൽ ബന്ധപ്പെടാവുന്നതാണ്.

സുപ്രണ്ട്

പകർപ്പ് -

1. പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് (മാധ്യമ പ്രസിദ്ധീകരണത്തിന്)
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് (ആമുഖ കത്ത് സഹിതം)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), കോട്ടയം (നോട്ടീസ് ബോർഡിൽ പതിക്കുന്നതിന്)
4. നോട്ടീസ് ബോർഡ്
5. മുനിസിപ്പാലിറ്റി, പാലാ
6. താലൂക്ക് ഓഫീസ്, പാലാ
7. സബ് ട്രഷറി, മീനച്ചിൽ
8. ഫയൽ, കരുതൽ ഫയൽ

# 2026 - 2027 കാന്റീൻ ടെണ്ടർ നടത്തിപ്പിനായി ബന്ധപ്പെട്ട വ്യവസ്ഥകൾ

1. കാന്റീൻ ലേലം അംഗീകരിച്ച് കിട്ടിയ വ്യക്തി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് താഴെ കാണുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി 200/- രൂപ മുദ്രപത്രത്തിൽ ഉടമ്പടി വയ്ക്കേണ്ടതാണ്.
2. ആശുപത്രി കോമ്പൗണ്ടിൽ കാന്റീനായി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിൽ മാത്രമേ കാന്റീൻ പ്രവർത്തിപ്പിക്കുവാൻ പാടുള്ളൂ. ഏതെങ്കിലും മാറ്റങ്ങൾ വരുത്തുന്നതിന് ആശുപത്രി സൂപ്രണ്ടിൽ നിന്നും മുൻകൂർ അനുവാദം വാങ്ങേണ്ടതും ഇതു സംബന്ധിച്ച വ്യവസ്ഥകളും നിർദ്ദേശങ്ങളും പാലിക്കേണ്ടതുമാണ്.
3. കാന്റീൻ രാവിലെ 5.00 മണി മുതൽ രാത്രി 11.00 മണി വരെ പ്രവർത്തിക്കേണ്ടതാണ്. സമയ ക്രമത്തിൽ മാറ്റം വരുത്തുന്നതിന് ആശുപത്രി സൂപ്രണ്ടിന്റെ അനുവാദം വാങ്ങിയിരിക്കേണ്ടതാണ്.
4. പാചകത്തിന് കൊമേഴ്സ്യൽ ഗ്യാസ് മാത്രം ഉപയോഗിക്കേണ്ടതാണ്. കാന്റീൻ പ്രവർത്തനത്തിനാവശ്യമായ സാധന സാമഗ്രികൾ കരാറുകാരൻ സ്വന്തം ചിലവിൽ എത്തിക്കേണ്ടതാണ്.
5. യാതൊരു കാരണവശാലും കാന്റീൻ നടത്തുന്നതിനുള്ള അവകാശം മറ്റ് വ്യക്തികൾക്കോ / സ്ഥാപനത്തിന് കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല.
6. പ്രവർത്തനം തൃപ്തികരമല്ലാതെ വന്നാൽ മുൻകൂട്ടി നോട്ടീസ് നൽകാതെ പ്രവർത്തനം നിർത്തി വയ്ക്കാൻ ആശുപത്രി സൂപ്രണ്ടിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. അങ്ങനെ വരുന്ന പക്ഷം യാതൊരുവിധ നഷ്ടപരിഹാരത്തിനും കരാറുകാരന് അർഹതയുണ്ടായിരിക്കുന്നില്ല.
7. പ്രകൃതി ക്ഷോഭം മൂലമോ, പ്രവചനാതീതമായ മറ്റേതെങ്കിലും വിധത്തിലോ കാന്റീൻ നടത്താൻ പറ്റാത്ത സാഹചര്യം വന്നാൽ അത് മൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടങ്ങൾക്ക് ആശുപത്രി അധികാരികൾ ഉത്തരവാദികളായിരിക്കുന്നതല്ല.
8. ഏതെങ്കിലും കാരണവശാൽ കാന്റീൻ പ്രവർത്തനം നിർത്തിവയ്ക്കുന്ന പക്ഷം ടി വിവരം 60 ദിവസത്തിന് മുൻപ് എങ്കിലും ആശുപത്രി സൂപ്രണ്ടിനെ രേഖാമൂലം അറിയിക്കേണ്ടതാണ്. അപ്രകാരം ചെയ്യാത്ത പക്ഷം കാന്റീൻ പ്രവർത്തിച്ചതായി കണക്കാക്കിക്കൊണ്ട് വാടക ഈടാക്കുന്നതാണ്.
9. കാന്റീൻ പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതും, ദുർഗന്ധം ഇല്ലാതേയും ഖര/ദ്രവ മാലിന്യങ്ങൾ എല്ലാം തന്നെ രോഗികൾക്കോ ആശുപത്രിയുടെ പ്രവർത്തനത്തിനോ തടസ്സം വരാത്ത വിധം സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതുമാണ്. മാലിന്യങ്ങൾ ആശുപത്രി വളപ്പിൽ കുട്ടിയിടാനോ കത്തിച്ചുകളയുന്നതിനോ അനുവദിക്കുന്നതല്ല.
10. മാലിന്യങ്ങൾ യാതൊരു കാരണവശാലും പൊതു ഇടങ്ങളിലേയ്ക്ക് ഒഴുക്കി വിടുകയോ നിക്ഷേപിക്കുകയോ ചെയ്യരുത്.
11. ടെണ്ടറിൽ രേഖപ്പെടുത്തിയതിൻ പ്രകാരമുള്ള പ്രതിമാസ വാടക ടെണ്ടർ പ്രകാരം നിശ്ചയിക്കുന്ന രൂപയും വെള്ളക്കരം 3500/- രൂപയും ഒരുമാസം പൂർത്തിയാകുന്ന മുറയ്ക്ക് 10 ദിവസത്തിനുള്ളിൽ ആഫീസിൽ അടക്കേണ്ടതാണ്. നിശ്ചിത തീയതിക്കകം വാടക ഒടുക്കാതെയിരുന്നാൽ അടുത്ത ഓരോ ദിവസത്തിനും 50/- രൂപ എന്ന ക്രമത്തിൽ പിഴ ഒടുക്കേണ്ടതാണ്. 3 മാസത്തെ വാടക തുക സെക്യൂരിറ്റി ഇനത്തിൽ കാന്റീൻ പ്രവർത്തിക്കുന്നതിന് മുൻപായി ആഫീസിൽ അടയ്ക്കേണ്ടതാണ്. കാലാവധിക്ക് മുൻപ് കാന്റീൻ പ്രവർത്തനം നിർത്തുന്ന പക്ഷം അഡ്വാൻസ് തുകയിൽ നിന്ന് കുടിശ്ശിക വാടക ഈടാക്കി ബാക്കി തുക 3 മാസം തികയുന്ന മുറയ്ക്ക് ലഭിക്കുന്നതാണ്.
12. കാന്റീൻ പ്രവർത്തിക്കുന്നതിന് ഭക്ഷ്യസുരക്ഷ വിഭാഗത്തിൽനിന്നും ലഭിച്ച രജിസ്ട്രേഷൻ / ലൈസൻസ് എന്നിവ സ്വന്തം ചെലവിൽ സമ്പാദിക്കേണ്ടതും പകർപ്പുകൾ ആഫീസിൽ നൽകേണ്ടതുമാണ്. ഭക്ഷണ സാധനങ്ങൾ കൈകാര്യം ചെയ്യുന്ന മുഴുവൻ ജീവനക്കാർക്കും ഹെൽത്ത് കാർഡ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതും, പരിശോധനയ്ക്ക് ഹാജരാകേണ്ടതുമാണ്.

13. ഭക്ഷ്യവസ്തുക്കൾ പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ സാമ്പിൾ പരിശോധിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അനുവദിക്കേണ്ടതാണ്. കരാറുകാരന്റെ അംഗീകൃത ജീവനക്കാരല്ലാതെ പാചകം ചെയ്യുന്നിടത്ത് മറ്റാരും പ്രവേശിക്കുവാൻ പാടുള്ളതല്ല. ഭക്ഷണം പാകം ചെയ്യുന്ന സ്ഥലം വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.

14. കാന്റീനിൽ ഉപയോഗിക്കുന്ന വൈദ്യുതി ബിൽ / വാട്ടർ ബിൽ നിശ്ചിത സമയപരിധിക്കുള്ളിൽ അടക്കേണ്ടതാണ്. നിലവിൽ വാട്ടർ കണക്ഷൻ കാന്റീനിന് പ്രത്യേകമായി ഇല്ലാത്തതുകൊണ്ട് അത് ലഭ്യമാകുന്നതു വരെ പ്രതിമാസം 3500/- രൂപ എല്ലാ മാസവും വാടകയ്ക്കൊപ്പം അടയ്ക്കേണ്ടതാണ്. കണക്ഷൻ കിട്ടുന്ന മുറയ്ക്ക് മുൻ മാസങ്ങളിലെ ജല ഉപഭോഗത്തിന്റെ ശരാശരി കണക്കാക്കി മേൽ കാലയളവിലെ തുക ക്രമപ്പെടുത്തി ഒടുക്കേണ്ടതാണ്.

15. നിശ്ചിത സമയപരിധിക്കുള്ളിൽ വാടക അടക്കാതെ വന്നാൽ കാന്റീൻ നടത്തുന്നതിന് അനുവദിക്കുന്നതല്ല. തുടർ നടപടികൾ ആശുപത്രി നിർവ്വഹണ സമിതി തീരുമാന പ്രകാരം നടപ്പിലാക്കുന്നതാണ്.

16. കാന്റീൻ കെട്ടിടത്തിന് കരാറുകാരൻ മുഖേനയുണ്ടാകുന്ന എല്ലാ കേടുപാടുകൾക്കും ഉത്തരവാദിയായിരിക്കുന്നതും ഇത് കരാറുകാരൻ പരിഹരിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം മുൻകൂർതുകയിൽ നിന്നോ നിയമാനുസൃത മാർഗ്ഗങ്ങൾ മുഖേനയോ ഈടാക്കുന്നതാണ്.

17. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക് വിധേയമായി സൂപ്രണ്ടും / ആർ. എം. ഒ.യും നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

18. കാന്റീനിൽ വിൽക്കപ്പെടുന്ന സാധനങ്ങളുടെ വില വിവരപട്ടിക എഴുതി പ്രദർശിപ്പിക്കേണ്ടതും ആശുപത്രി ജീവനക്കാർക്ക് 30% കിഴിവ് നൽകേണ്ടതുമാണ്. ഭക്ഷ്യവസ്തുക്കളുടെ നിരക്ക് ബന്ധപ്പെട്ട സർക്കാർ സ്ഥാപനങ്ങളുടെ ഉത്തരവുകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായിരിക്കണം. വിലയിൽ മാറ്റം വരുത്തുന്നതിന് സൂപ്രണ്ടിൽ നിന്നുള്ള മുൻകൂർ അനുവാദം കരാറുകാരൻ ഉറപ്പു വരുത്തേണ്ടതാണ്.

19. കാന്റീനിൽ സ്റ്റാഫ് ചെയ്തതും, പാചകപ്പെടുത്തിയതുമായ ഭക്ഷണ സാധനങ്ങൾ അല്ലാതെ മറ്റൊന്നും വിൽക്കാൻ പാടില്ല.

20. പുകയില / ലഹരി ഉൽപ്പന്നങ്ങളോ മറ്റു വസ്തുക്കളോ കാന്റീൻ വഴി വിൽപ്പന നടത്തുവാൻ പാടുള്ളതല്ല.

21. Plastic Free zone ആയതിനാൽ ചായ, കാപ്പി മുതലായ പാനീയങ്ങൾ പ്ലാസ്റ്റിക ഗ്ലാസ്സുകളിൽ വിതരണം ചെയ്യുവാൻ പാടുള്ളതല്ല. പ്ലാസ്റ്റിക കിറ്റുകൾ, കവറുകൾ എന്നിവ കാന്റീൻ ഉപയോഗിക്കരുത്.

22. കാന്റീൻ നടത്തിപ്പിൽ ഭക്ഷ്യസുരക്ഷ വിഭാഗവും, പാലാ നഗരസഭ ആരോഗ്യ വിഭാഗവും സംസ്ഥാന ആരോഗ്യ വിഭാഗവും കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

23. കാന്റീൻ ജീവനക്കാർ ഏകീകൃത വൃത്തിയുള്ള വസ്ത്രവും, ക്യാപും ധരിക്കേണ്ടതാണ്.

24. ലേലം / ടെണ്ടർ സംബന്ധിച്ച് തർക്കങ്ങൾ ഉണ്ടായാൽ ആശുപത്രി സൂപ്രണ്ടിന്റെ തീരുമാനം അന്തിമമായിരിക്കും. അപ്രകാരം ടെണ്ടർ റദ്ദുചെയ്യുന്നതിനോ മാറ്റി വയ്ക്കുന്നതിനോ ഉള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

25. കാന്റീൻ മികച്ച പ്രകടനത്തിന്റെ അടിസ്ഥാനത്തിലും, ആശുപത്രി വികസന സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലും നിലവിലുള്ള കരാർ തുകയിൽ 10 മുതൽ 20 ശതമാനം വർദ്ധന വരുത്തി കരാർ കാലാവധി 2/3 ഓ വർഷത്തേയ്ക്ക് നീട്ടി നൽകുന്നതായിരിക്കും.

26. കോൺട്രാക്ടറും, കാന്റീൻ ജീവനക്കാരനും കാലാകാലങ്ങളിൽ ഗവ. നിയമങ്ങളും, ഉത്തരവുകളും പാലിക്കാൻ ബാദ്ധ്യസ്ഥരാണ്.

കെ. എം. മാണി സ്മാരക ഗവൺമെന്റ് ജനറൽ ആശുപത്രി * പാലാ - 686 575 *

ABHILASH

സൂപ്രണ്ട്
കെ. എം. മാണി സ്മാരക ഗവ.
ജനറൽ ആശുപത്രി, പാലാ